**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5501 | 27.03.2018-ൽ മറുപടിയ്ക്ക്

**<u>പഞ്ചായത്തുകളിലെ സെക്രട്ടറിമാർ, അസിസ്റ്റന്റ് സെക്രട്ടറിമാർ</u>**

**<u>ചോദ്യം</u>** | **<u>ഉത്തരം</u>**

**ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | **ശ്രീ. കെ.ടി. ജലീൽ**

**(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | കേരളത്തിൽ എത്ര പഞ്ചായത്തുകളുണ്ടെന്നും പ്രസ്തുത പഞ്ചായത്തുകളിലെല്ലാം സെക്രട്ടറിമാർ ഉണ്ടോ എന്നും വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ ആകെയുള്ള 941 ഗ്രാമപഞ്ചായത്തുകളിൽ 917 ഗ്രാമപഞ്ചായ-ത്തുകളിൽ സെക്രട്ടറിമാർ നിലവിലുണ്ട്. വിരമിക്കൽ, വിരമിക്കലിനു മുമ്പായി എടുക്കുന്ന അവധി എന്നീ കാരണങ്ങളാൽ 24 ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറി തസ്തികയിൽ ഒഴിവുണ്ടായിട്ടുണ്ട്. വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുകയും ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള ജീവനക്കാരുടെ പട്ടിക തയ്യാറാക്കി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സെക്രട്ടറിമാർ ഇല്ലാത്ത പഞ്ചായത്തുകൾ ഏതാണെന്നും പ്രസ്തുത പഞ്ചായത്തുകളിൽ എത്ര കാലമായി ഈ തസ്തിക ഒഴിഞ്ഞു കിടക്കുന്നു എന്നും വ്യക്തമാക്കാമോ; | (ബി) | 1 എടപ്പറ്റ<br>2 മൂത്തേടം<br>3 തിരുനെല്ലി<br>4 പനമരം<br>— 2018 ജനുവരി മുതൽ ഒഴിഞ്ഞു കിടക്കുന്നു<br>5 ചേരനല്ലൂർ<br>6 മഞ്ഞളൂർ<br>7 അങ്ങാടിപ്പുറം<br>8 താഴെക്കോട്<br>9 ഊർങ്ങാട്ടിരി<br>10 അഗളി<br>11 കരിമ്പ<br>12 കരിമ്പുഴ<br>— 2018 ഫെബ്രുവരി മുതൽ ഒഴിഞ്ഞു കിടക്കുന്നു |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>13</td><td>നെല്ലിയാമ്പതി</td><td rowspan="6">2018 ഫെബ്രുവരി മുതൽ ഒഴിഞ്ഞു കിടക്കുന്നു</td></tr>
<tr><td>14</td><td>കോങ്ങാട്</td></tr>
<tr><td>15</td><td>മുതലമട</td></tr>
<tr><td>16</td><td>ബാലുശ്ശേരി</td></tr>
<tr><td>17</td><td>കള്ളാർ</td></tr>
<tr><td>18</td><td>കോടോംബേളൂർ</td></tr>
<tr><td>19</td><td>ചെന്നീർക്കര</td><td rowspan="6">2018 മാർച്ച് മുതൽ ഒഴിഞ്ഞു കിടക്കുന്നു</td></tr>
<tr><td>20</td><td>വയലാർ</td></tr>
<tr><td>21</td><td>കൊരട്ടി</td></tr>
<tr><td>22</td><td>മടവൂർ</td></tr>
<tr><td>23</td><td>മേപ്പയ്യൂർ</td></tr>
<tr><td>24</td><td>മാട്ടൂൽ</td></tr>
</table>
</td></tr>
<tr><td>(സി)</td><td>പഞ്ചായത്തുകൾക്ക് അസിസ്റ്റന്റ് സെക്രട്ടറിമാരെ അനുവദിക്കുവാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;</td><td rowspan="2">(സി) & (ഡി)</td><td rowspan="2">സാമ്പത്തിക നില മെച്ചപ്പെട്ട ഗ്രാമപഞ്ചായത്തുകളിലാണ് 07.02.2013 -ലെ സ.ഉ.(കൈ) 51/2013/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടിന് സമാനമായ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവായത്. സാമ്പത്തിക നില മെച്ചപ്പെട്ട 865 ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലുണ്ട്. 76 ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ല.</td></tr>
<tr><td>(ഡി)</td><td>പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ച് എത്ര പഞ്ചായത്തുകൾക്ക് അസിസ്റ്റന്റ് സെക്രട്ടറിമാരെ അനുവദിച്ചിട്ടുണ്ടെന്നും, ഇനി എത്ര പഞ്ചായത്തുകൾക്ക് അനുവദിക്കാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ